**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5801** **08-11-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലകയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവയുടെ വിലകയറ്റം നിയന്ത്രിക്കുന്നതിനും വില ഏകീകരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിൽ സിമൻറ് ഉത്പാദിപ്പിക്കുന്ന മലബാർ സിമന്റസിന്റെ ഉത്പാദനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ്സിമന്റ്, വാൾപുട്ടി എന്നിവയുടെ നിർമാണം കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെംഡലിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി അണക്കെട്ടുകളിൽ അടിയുന്ന മണൽ ശേഖരിച്ച് സംസ്കരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. |
| (സി) | നിർമ്മാണ മേഖല നേരിടുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിൽ സിമൻറ് ഉത്പാദിപ്പിക്കുന്ന മലബാർ സിമന്റസിന്റെ ഉത്പാദനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ |

| | | | |
|---|---|---|---|
| | | | സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ്സിമന്റ്, വാൾപുട്ടി എന്നിവയുടെ നിർമാണം കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെംഡലിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി അണക്കെട്ടുകളിൽ അടിയുന്ന മണൽ ശേഖരിച്ച് സംസ്കരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ